11200
27/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - താലോലം പദ്ധതി - 18 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സൗജന്യ ചികിത്സ പദ്ധതി - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നീറ്റീവ് ന്യൂറോസയൻസിനെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.642/2014/സാനീവ. തീയതി, തിരുവനന്തപുരം, 24.10.2014.

=====================================================================

പരാമർശം : 1. സ.ഉ(എം.എസ്) നം. 17/2010/സാക്ഷേവ തീയതി 27.02.2010.

2. സ.ഉ (സാധാ) 310/2010/സാക്ഷേവ തീയതി 06.07.2010.

3. സ.ഉ (എം.എസ്)നം. 89/2013/സാനീവ തീയതി 28.10.2013.

4. കേരള സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.07.2014 ലെ 5008/പി2/2013/കെഎസ്എസ്എം നമ്പർ കത്ത്.

**ഉത്തരവ്**

18 വയസ്സുവരെയുള്ള കുട്ടികളുടെ മാരകരോഗങ്ങൾ ചികിത്സിക്കുന്നതിന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 'താലോലം പദ്ധതി' പരാമർശം (1) ലെ ഉത്തരവു പ്രകാരം സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നീറ്റീവ് ന്യൂറോസയൻസിനെയും കൂടി താലോലം പദ്ധതി നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തണമെന്ന് പരാമർശം (4) ലെ കത്തു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. താലോലം പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരത്തും ഷൊർണ്ണൂരും പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നീറ്റീവ് ന്യൂറോസയൻസിനെയും കൂടി നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നീറ്റീവ് ന്യൂറോസയൻസ്, കവളപ്പാറ, ഷോർണ്ണൂർ, കേരളം.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)

✓വെബ് ആന്റ് ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ